ഇറയം റിസർച്ച് ജേർണൽ

Volume V Issue 1

# സമകാലികപെൺകഥകളുടെ വർത്തമാനമുഖം

- ഡോ: മഞ്ജുള കെ.വി

സമകാലീനകഥകൾ ചെറുതും ചിതറിയതും ചലനാത്മകവുമായ ജീവിതചിത്രങ്ങളിലൂടെ കേരളീയ ജീവിതത്തിന്റെ സാമൂഹികാവസ്ഥ വിചിത്രവും സങ്കീർണ്ണവുമായ ആഖ്യാനപരിസരങ്ങളിൽ കോർത്തിണക്കുകയാണ്. സമൂഹത്തെ പിടിച്ചുലയ്ക്കുന്ന മൗലികമായ പ്രശ്നങ്ങളോട് സമൂഹം കാണിക്കുന്ന മൗനത്തിന്റെ മുഴക്കങ്ങളായി വർത്തമാനകാല ചെറുകഥകൾ പരിണിതപ്പെടുന്നത് നമുക്ക് കാണാം. പുതിയ കാലത്ത് മതവും പ്രത്യയശാസ്ത്രവും ഏൽപ്പിക്കുന്നവൻ ആഘാതങ്ങളെ ഒപ്പിയെടുക്കുന്നതിൽ വർത്തമാനകാല ചെറുകഥകൾ കാണിക്കുന്ന ആർജ്ജവം സാഹിത്യ മേഖലയിലെ പ്രതിരോധ രാഷ്ട്രീയം കെട്ടടങ്ങിയിട്ടില്ലെന്നതിന്റെ തെളിവുകളാണ്. സമകാലിക മലയാള കഥാരംഗത്തെസ്ത്രൈണ സർഗ്ഗാത്മകതയുടെ ഇടപെടലുകൾ എത്രത്തോളം ശക്തമാണെന്ന അന്വേഷണമാണ് ഈ പ്രബന്ധം.

പെണ്ണെഴുത്ത് എന്ന സംജ്ഞ രൂപപ്പെടുന്നത് പുരുഷാധിപത്യ പ്രവണതകളെ ചോദ്യം ചെയ്തു കൊണ്ടുള്ള സ്ത്രീ മനസ്സിന്റെ വിചാര വികാരങ്ങളുടെ ആവിഷക്കാരം എന്ന നിലയിലാണെങ്കിലും സ്ത്രീസ്വത്വം തേടിയുള്ള എല്ലാ അന്വേഷണങ്ങളും സത്താ പരമായി സ്ത്രീയെ പ്രതിഷ്ഠിക്കാനുള്ള വ്യഗ്രതയാണ് പലപ്പോഴും കാഴ്ചവച്ചിട്ടുള്ളതെന്ന് കാണാം.എന്നാൽ സമീപകാല സ്ത്രീ രചനകൾ ഫെമിനിസത്തിന്റെ മൂന്നാം തരംഗമെന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന രീതിയിൽ പിതൃ കേന്ദ്രിത വ്യവസ്ഥയെ ഉടച്ചുവാർക്കുന്നതിനപ്പുറം സ്വാതന്ത്ര്യത്തിന്റെ മേഖലകളെ

സാക്ഷാത്ക്കരിക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. സ്ത്രൈണ സത്ത, പുരുഷസത്ത, മനുഷ്യസത്ത തുടങ്ങിയ സങ്കല്പനങ്ങൾ തന്നെ പുരുഷ കേന്ദ്രിതവ്യവസ്ഥയുടെ ഉല്പന്നങ്ങളായതുകൊണ്ട് തന്നെ അതിനെയും എതിരക്കപ്പെടുന്ന രീതിയിൽ സർവ്വവിധ അധികാര രൂപങ്ങൾക്കുമെതിരായ സമരമായി തങ്ങളുടെ എഴുത്തിനെ മാറ്റിത്തീർക്കുന്നത് സത്താപരമായ അതിർവരമ്പുകൾ ക്കപ്പുറത്തേക്ക് കഥയുടെ ദിശാസഞ്ചാരം നടത്തിക്കൊണ്ടാണ്. അധികാര വ്യവസ്ഥയാൽ നിശ്ശബ്ദമാക്കപ്പെട്ട അനുഭവങ്ങളുടെ നാനാത്വത്തെ (plurality of Experience) വീണ്ടെടുക്കുന്നു. സ്ത്രീ സ്വാതന്ത്ര്യത്തെ മനുഷ്യ വിമോചന പ്രശ്നവുമായി ബന്ധപ്പെടുത്തുന്ന ഫെമിനിസത്തിന്റെ മൂന്നാം തലമുറ അസ്വാതന്ത്ര്യത്തിനു കാരണമായി വർത്തിക്കുന്ന സാമൂഹ്യഘടനയേയും മൂല്യവ്യവസ്ഥയേയും ചോദ്യം ചെയ്തു കൊണ്ട് മുന്നേറുന്നു. യാഥാർത്ഥ്യങ്ങളുടെ ആഴം കല കൃത്യമായി അളന്നെടുക്കുന്നത് സമകാലിക പെൺകഥകൾ കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്. ഇന്നത്തെ ലോകം അത്യന്തം സങ്കീർണ്ണവും കുഴഞ്ഞുമറിഞ്ഞതുമാകുമ്പോൾ സമകാലികമായ കഥകളിൽ പല തലങ്ങളെ സ്പർശിക്കുന്ന ഭാഷയും ഭാവനയുമാണ് ആഖ്യാനത്തിനു പയോഗിക്കുന്നത്.കാലത്തെ സ്പർശിക്കുന്ന സാമൂഹികവും രാഷ്ട്രീയവുമായ അനുഭവങ്ങളോട് ദുരന്തമുഖത്തു നിന്ന് പോരാട്ട സമാനമായ പ്രതിരോധം തീർക്കുന്നത് സമകാലിക പെൺകഥകളുടെ സവിശേഷതയാണ്. പാരമ്പര്യത്തിലും സംസ്കാരത്തിലുമുള്ള സ്ത്രീവിരുദ്ധമായ ഭാവങ്ങളും ആശയങ്ങളും പുറത്തു കൊണ്ടുവരാനും പ്രതിരോധിക്കാനും കഴിയുന്ന രീതിയിൽ സ്ത്രൈണാ വിഷ്ക്കാരമാതൃ കകൾ മാറുന്നത് സമകാലിക കഥകളിൽ ദർശിക്കാം

## പാലം കടക്കുമ്പോൾ പെണ്ണുങ്ങൾ മാത്രം കാണുന്നത്

ആഖ്യാനപരവും ദാർശനികവുമായ പൊയ്മുഖങ്ങളെ തിരസ്കരിച്ചു കൊണ്ടും സർവ്വവിധ പ്രത്യയശാസ്ത്രങ്ങളോടും സിദ്ധാന്തങ്ങളോടും കലഹിച്ചു കൊണ്ടും

സകലമാന ലാവണ്യദർശനങ്ങളേയുമുപേക്ഷിച്ച കൊണ്ടും ജീവിത സ്പർശിയായ ആഖ്യാന വഴികളെ പിൻപറ്റി സ്വതന്ത്രമായ ആശയങ്ങൾ തേടുന്ന പുതുകഥാകാരികളിൽ ശ്രദ്ധേയ യാണ് യമയെന്ന എഴുത്തുകാരി. താൻ ജീവിക്കുന്ന കാലഘട്ടത്തിലെ സകല ആകുലതകളേയും ഒപ്പിയെടുത്ത് ആവിഷ്കരിക്കുന്നതോടൊപ്പം മാനവികത ഒരു ആത്മാവബോധത്തിലേക്ക് വളർത്തുന്നതിൽ മലയാള ചെറുകഥയ്ക്കുള്ള പങ്ക് ചെറുതല്ല എന്ന് തെളിയിക്കുന്ന കഥയാണ് യമയുടെ ചുടലത്തെങ്ങ് (മാതൃഭൂമി ആഴ്ചപ്പതിപ്പ് 2017). മനുഷ്യ ജീവിതത്തിന്റെ എല്ലാ വൈരുദ്ധ്യങ്ങളേയും ഉൾവഹിക്കുന്നതോടൊപ്പം തങ്ങളുടെ തന്നെ സ്വത്വത്തേയും സാമൂഹിക സാഹചര്യങ്ങളേയും കുറിച്ചുള്ള അവബോധമുണർത്തുന്ന രീതിയിൽ പരിണമിക്കുന്നത് ഈ കഥയിൽ കാണാം. മാനവികത നേരിടുന്ന തകർച്ചയ്ക്കു മുകളിൽ സ്ഥാപനങ്ങളുടെ സമഗ്രാധിപത്യവും സംസ്കാരവുമായുള്ള സംഘർഷവും ചേർന്ന് നിശ്ശബ്ദമാക്കപ്പെടുന്ന അസ്തിത്വങ്ങളുടെ ചേതനയാകാൻ എഴുത്തിന് സാധിക്കേണ്ടതുണ്ടെന്ന് പ്രഖ്യാപിക്കുന്ന ഈ കഥ'മുക്കളയിൽ മുങ്ങിപ്പോയ ഉറുമ്പുകളുടെ കൈകാലിട്ടടിയായി 'സ്ത്രീജീവിതത്തെ കാണുന്ന യമ സ്ത്രീജീവിതം മാത്രമല്ല ക്രൂരമായ യാഥാർത്ഥ്യത്തിനു മുന്നിൽ നിസ്സഹായമായി പോവുന്ന പുരുഷജീവിതത്തെക്കൂടി അടയാളപ്പെടുത്തുന്നു. സ്വയം നശീകരണ സ്വഭാവമുള്ള കോശത്തെപ്പോലെ പൊട്ടിത്തെറിക്കാനാഞ്ഞു നിൽക്കുന്ന വീട് പെണ്ണിന് ഒരാശ്വാസമല്ല നൽകുന്നത്. വ്യവസ്ഥയോട് കലഹിക്കുകയും നിരസിക്കുകയുമൊക്കെ ചെയ്യുമ്പോഴും അധികാര രൂപങ്ങളെല്ലാം പലവിധ രൂപകങ്ങളായി തങ്ങളെ നിർണ്ണയിക്കുന്ന സാഹചര്യത്തിൽ അപരലോകത്തു നിന്നും ശൂന്യമായ ആകാശത്തേക്ക് കുതിക്കുന്ന ആണും പെണ്ണുമായി തീരുകയാണ് ഇതിലെ കഥാപാത്രങ്ങൾ.സമൂഹത്തിലെ അവർണമാക്കപ്പെട്ട അധോലോകജീവിതം അത്രയേറെ സൂക്ഷ്മമായും വ്യാപകമായും കഥയിൽ

ആവിഷ്ക്കരിക്കാൻ കഥാകാരിക്ക് കഴിഞ്ഞിട്ടുണ്ട്. പാലം കടക്കുമ്പോൾ പെണ്ണുങ്ങൾ മാത്രം കാണുന്നത് (മാതൃഭൂമി ആഴ്ചപ്പതിപ്പ് 18മാർച്ച് 2018) എന്ന കഥയിലേക്ക് എത്തുമ്പോൾ പെണ്ണെഴുത്തിന്റെ സാമ്പ്രദായിക ധാരകൾ മറികടന്നു കൊണ്ട് സ്ത്രീ അവൾക്ക് സ്വന്തമായ സ്വാതന്ത്ര്യത്തേയും ആത്മാഭിമാനത്തേയും ധീരമായും ധിക്കാരത്തോടെയും നേരിടുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്.പുരുഷനുമായി താരതമ്യം പോലും അസാധ്യമായ ഒരു തരം പൗരത്വത്തിലേക്ക് ഈ കഥയിലെ സ്ത്രീ നടന്നു കയറുന്നുണ്ട്. 'പാലം കടക്കുമ്പോൾ പെണ്ണുങ്ങൾ മാത്രം കാണുന്നത് ' എന്ന കഥയിൽ പെൺ സ്വത്വത്തിൽ പ്രതീക്ഷിക്കപ്പെടുന്ന രാഷ്ട്രീയാധികാരത്തെ അവൾ മറികടക്കുന്നു. ലിബറലിസത്തിന്റെ വക്താവാകുമ്പോൾ തന്നെ സമൂഹം എത്രത്തോളം പാട്രിയാർക്കൽ ആണ് എന്ന തിരിച്ചറിവ് പ്രകാശിനോട് അവൾക്ക് വെറുപ്പുണ്ടാക്കുന്നുണ്ടെങ്കിലും പലപ്പോഴും ഇത്തരം വ്യവസ്ഥയുടെ അധികാരത്തിനുള്ളിൽ വിന്യസിക്കപ്പെട്ട അധികാര പ്രത്യയശാസ്ത്രം തങ്ങളിലോരോരുത്തരിലും വിന്യസിക്കപ്പെട്ടിട്ടുണ്ടെന്ന ബോധം നിസ്സംഗമമായി ഏതു എതിർപ്പിനെയും മൂടിവെക്കാൻ പാകത്തിന് ഒട്ടു പരപോലെ ഒരു ബന്ധം അവരെ ബന്ധിപ്പിച്ചു നിർത്തുന്നത് കഥയിൽ പരാമർശിക്കപ്പെടുന്നുണ്ട്. സകല അഹങ്കാരങ്ങൾക്കും ഒടുവിൽ ഏതെങ്കിലും ഒന്നിനോട് വിധേയപ്പെടുക എന്ന പരമ്പരാഗത വഴിക്കപ്പുറം അവൾ ദുരന്തങ്ങൾ പതിയിരിക്കുന്ന പാലം കടന്ന് ജൈവികതയുടെ മേച്ചിൽപ്പുറങ്ങളിലേക്ക് നാഗരികതയുടെ ചെരുപ്പൂരി വച്ച് കൊണ്ട് പാലം കടക്കുകയാണ്. പാലത്തിന് കീഴെയുള്ള ശൂന്യ സ്ഥലം കടന്ന് പുഴയുടെ ആഴത്തിൽ അവളുടെ ജീവൻ ഒരുപാടു തവണ ശ്വാംസം മുട്ടി മരിച്ചു ജീവിച്ചു. ചരിത്രത്തിന്റെ ചരിത്രമില്ലായ്മയുടെ പൊളിഞ്ഞ പാലങ്ങൾ കടന്ന് പെണ്ണ് ഇനിയെത്ര മുറിവുകൾ പൊറ്റ പിടിപ്പിച്ചാലാണ് പെണ്ണിന് അടുത്ത പാലത്തിലേക്കുള്ള സമയം താണ്ടാ നാവുകയെന്ന് ചിന്തിക്കുന്ന അവൾ കുമ്പട

ഞ്ഞ് പോയ നൈർമ്മല്യം നിറഞ്ഞ ഓർമ്മകളിലേക്ക് ഇറക്കപ്പെടുന്നു. ആ കഥയിൽ ഒരു നായ തന്റെ പ്രതിയോഗിയായി വരുന്ന തവ തരിപ്പിക്കുന്നുണ്ട്. തന്റെ കുഞ്ഞുങ്ങൾക്ക് നേരെയുള്ള ആക്രമണം മുൻകൂട്ടി കണ്ട് ചെറുക്കുന്ന നായ തന്റെ മക്കൾ അതിർത്തികൾ ലംഘിച്ച് അദൃശ്യ അതിർത്തി രേഖകൾ പുനർനിർണ്ണയനം ചെയ്യുന്നതിനെ ചിന്തിക്കുകയും മക്കൾ വിഭജിച്ചും കൂട്ടിച്ചേർത്തും വികലമാക്കാൻ പോകുന്ന ഭൂ രൂപങ്ങൾക്കുള്ളിലൂടെ അലഞ്ഞു നടക്കുമ്പോൾ അവൾ കാവലിരുന്ന മക്കൾ അവളെത്തന്നെ കടിച്ചുകീറുന്നതും അവളിൽത്തന്നെ അടുത്ത തലമുറയെ ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നത് ഓർത്തെടുക്കുന്നുണ്ട്. ഇവിടെ ചരിത്രത്തിന്റെയും ചരിത്രാ ന്ധതയുടേയും ഭിന്നമാനങ്ങളെ അവതരിപ്പിച്ച് അതിന് നേർക്കുള്ള വിമർശനം കൂടി അഴിച്ചുവിടുകയാണ് കഥാകാരി .അരികു മൂർച്ചയുള്ള റിയലിസത്തിന്റെ വഴികളിൽ പരുക്കനായ ആഖ്യാന വഴികളിലൂടെ ഇരുതലമൂർച്ചയുള്ള അപകടം പിടിച്ച വഴിതരണം ചെയ്യുകയാണ് ഈ കഥയിലെ അമൃദ. പോളിഷ് ചെയ്യപ്പെടാത്ത കാമനകളുടെ നേർപ്പകർപ്പുകൾ ഒച്ചയനക്കമില്ലാത്ത വഴിയോരക്കാഴ്ചയിലൂടെ ആരും കാണാത്ത ജീവിതക്കാഴ്ചകൾ അവതരിപ്പിക്കുന്നു.രാഷ്ട്രീയവും സംസ്കാരവും സാമൂഹികബോധവും കൊണ്ട് കെട്ടിയുയർത്തിയ ആൺകോയ്മയുടെ മതിലുകൾ തകർത്തു കൊണ്ട് സ്ത്രീയുടെ കാഴ്ച ലോകങ്ങൾ അതിർവരമ്പുകൾ കടന്ന് സ്വാതന്ത്ര്യത്തിന്റെ ജൈവലോകം കണ്ടെത്തുകയാണ്.

### സ്ത്രൈണോർജ്ജത്തിന്റെ ശക്തിപ്രവാഹങ്ങൾ

വ്യക്തിബോധം മുതൽ ദേശരാഷ്ട്രം വരെയുള്ള സ്ഥൂലവും സൂക്ഷ്മവുമായ സ്ഥാപനങ്ങൾക്കുനേരെ ഉയർത്തുന്ന ചോദ്യങ്ങളോ അവയുടെ പൊളിച്ചെഴുത്തോ ആയി മാറുന്നുണ്ട് സമകാലിക പെൺകഥകൾ എന്നതിന് ഉത്തമോദാഹരണമാണ് ഇന്ദുമേനോന്റെ കഥയെഴുത്ത്.സംവേദനത്തിന്റെ

ശക്തമായ മാധ്യമം എന്ന നിലയിൽ ഒക്കൽച്ചാട്ട (മാതൃഭൂമി ആഴ്ചപ്പതിപ്പ് 11 നവംബർ 2018). പീഡാകരമായ രതിയേയും സ്ത്രീ പുരുഷ ബന്ധത്തിലെ ഹിംസാത്മക ഭാവങ്ങളെയും കേന്ദ്രീകരിച്ച കൊണ്ടാണ് ഈ കഥാരചന ആഖ്യാനം ചെയ്യുന്നത്. ശരീരത്തിനു കൈവന്ന നാനാർത്ഥങ്ങളിലൂടെ പ്രണയം, ലൈംഗികത, അധ്വാനം, ആത്മഹത്യ തുടങ്ങി ശരീരത്തിന്റെ രാഷ്ട്രീയം പല മാനങ്ങളിൽ അവതരിപ്പിക്കുമ്പോഴും കഥ അതിനെയും കടന്ന് ആൺസത്ത, പെൺസത്ത എന്നിവയൊക്കെ മറികടന്ന് മനുഷ്യത്വത്തിന്റെയും ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും ദുരന്തവൈരുദ്ധ്യങ്ങളെ അവതരിപ്പിക്കുന്നു. പുരുഷന്റെ ലഹരിയും സ്ത്രീയുടെ വിധേയത്വബോധവും ചേർന്നു സൃഷടിക്കുന്ന ക്രൂരമായ ജീവിതത്തെ കഥയെഴുത്തിന്റെ പ്രത്യേക ശൈലിയിൽ വൈകാരികാ വിഷ്കാരം നടത്തുമ്പോൾ വായനക്കാരിൽ കനത്ത ഒരു അടിയുടെ ആഘാതം ഉണ്ടാവുന്നു.പുരുഷാധിപത്യ വ്യവസ്ഥയ്ക്കുള്ളിൽ സ്ത്രീ നിലനിൽക്കുന്നില്ല എന്നു മനോവിശ്ലേഷണം പറയുമ്പോൾ ജീവശാസ്ത്രപരമായി സ്ത്രീവർഗ്ഗം തിരോഭവിച്ചു എന്നല്ല അർത്ഥംഭാവനയുടേയും ആഗ്രഹാഭിലാഷങ്ങളുടേയും അനുഭവങ്ങളിൽ നിന്ന് ലിംഗ ഛേദനം വഴി ചിഹ്നവ്യവസ്ഥയ്ക്കുള്ളിലേക്ക് കടത്തിവിടപ്പെടുന്ന തോടുകൂടി കേവലം ചുമതലകൾ നിറവേറ്റാൻ നിയോഗം ലഭിച്ചിട്ടുള്ള കർത്താവു മാത്രമായി വ്യക്തി ചുരുക്കപ്പെടുന്നു. സ്ത്രീ പുരുഷൻമാർ ഒരേ പോലെ പുരുഷ ധർമ്മം നിറവേറ്റാനും പുരുഷമൂല്യങ്ങൾ ജീവിച്ചു തീർക്കാനും നിയോഗിതരായിരിക്കുന്നു. എന്നോ നഷ്ടമായ ആഗ്രഹപൂർത്തിയുടെ ലോകം തേടിയുള്ള യാത്രയിൽ അക്രമാസക്തവും ഭീകരവുമായ രതിബോധം രൂപപ്പെടുന്നത് രവിയിലോ മാനുവേലിലോ ഒരു സുപ്രഭാതത്തിൽ രൂപപ്പെടുന്നതല്ല. രവി മരോട്ടിയോടു ചേർത്തു നിർത്തി ഭോഗിക്കുമ്പോൾ മേട്ടിയിൽ കെട്ടിയ പശുവായി സ്ത്രീയുടെ ദയനീയ മുഖവും നഗ്നതയും വെളിപ്പെടുമ്പോൾ അയാളുടെ ഓർമ്മകൾ എത്തുന്നത് അപ്പൂപ്പൻ

ഒക്കലിടാനായി ഭംഗിയുള്ള പശുക്കളെ മേട്ടിയിൽ ചേർത്ത് അമർത്തി കെട്ടുന്ന നാട്ടുകഥയുടെ ക്രൂരതയിലാണ്.തുടയിലൂടെ കണങ്കാലിലേക്ക് ഒഴുകുന്ന ചോര മൂലയിൽ തൊട്ടു തേക്കുമ്പോൾ ചോരയുടെ പച്ചമണം അയാളെ ഹരം പിടിപ്പിക്കുന്നു. അയാൾ കുട്ടിക്കാലത്തെന്നവണ്ണം വിരലീമ്പുമ്പോൾ ചോരയുടെ എരിവിലയാൾക്ക് നാവു പൊള്ളുന്നു. ഭാവനാനുഭവങ്ങളുടെ ബഹുത്വത്തെ ( multiple of experiences) കഥയിലൂടെ അവതരിപ്പിക്കുമ്പോഴും എല്ലാറ്റിന്റേയും വേരുകൾ ചെന്നു തൊടുന്നത് വ്യവസ്ഥാപിത ആധിപത്യക്രമങ്ങളാൽ ഷണ്ഡീകരിക്കപ്പെട്ട ജൈവോർജ്ജങ്ങളുടെ വികലപ്രവാഹമായിത്തീരുന്ന അഭിലാഷകാമനകളുടെ വികലാവിഷ്ക്കാരമായ പുരുഷ സത്തയിലേക്കു കൂടിയാണ് .മനോവിശ്ലേഷണം പറയുന്ന ലിംഗപൂർവ്വമായ ഭാവനാനുഭവങ്ങളും ലോകം നിഷേധിക്കപ്പെട്ട കർത്തൃത്വങ്ങളുടെ വൈകല്യ ഭാവനകളായി പുരുഷ സത്തയും ഇവിടെ മാറുകയാണ്.

സ്ത്രൈണസത്തയുടെ പ്രതിനിധാനവും പ്രതിരോധവും എന്നതിലുപരി സാമൂഹിക പ്രശ്നങ്ങളെ ഏറ്റെടുക്കുന്നിടത്ത് സ്ത്രൈണോർജ്ജത്തിന്റെ ശക്തി പ്രാപിമായി മാറാൻ കഴിയുന്ന കഥയെഴുത്തിനുടമയാണ് കെ.ആർ.മീര.ഇരുട്ടു നിറഞ്ഞ സമകാലികതയെ മതം, അധികാരം, ഭരണകൂടം, സദാചാരം കുടുംബം, തുടങ്ങിയ ആഖ്യാനങ്ങളുടേയും വ്യവസ്ഥയുടേയും ചട്ടക്കൂടുകൾ മറികടന്ന് മനുഷ്യന്റെ പച്ചയായ അസ്തിത്വത്തെ മുൻനിർത്തി വിചാരണ ചെയ്യുന്ന കഥയാണ് സ്വച്ഛ ഭാരതി (മാതൃഭൂമി ആഴ്ചപ്പതിപ്പ് 6 ആഗസ്റ്റ് 2017). ജീവിതത്തെ ചോർത്തിക്കളയുന്ന കപട ആത്മീയത മാത്രമല്ല അതിന് അടിസ്ഥാനമൊരുക്കുന്ന രാഷട്രീയത്തേയും മീര വിമർശനാത്മകമായി ചോദ്യം ചെയ്യുന്നു.സാമൂഹികതയുടേയും റിയലിസത്തിന്റെയും പശ്ചാത്തലത്തിൽ തങ്ങളുടെ ജീവിതത്തിലേക്ക് ഇടിച്ചു കയറി വനസന്യാസിയച്ഛൻ തങ്ങളുടെ വീടും ഇടവും ചൂഷണം ചെയ്തു എന്നു മാത്രമല്ല ചേരിയിരുന്നിടത്ത് വലിയൊരു

സൂപ്പർ മാർക്കറ്റും അതിനുത്തായി ആശ്രമവും കെട്ടി പൊക്കിയിരിക്കുന്നു. സ്വച്ഛ രാഷ്ട്രപദ്ധതി വന്നപ്പോൾ അവസാനത്തെ ഓലപ്പുരയും നഷ്ടപ്പെട്ട അമ്മയും മക്കളും വിചാരണ ചെയ്യുന്നത് അധികാരത്തേയും ഭരണകൂടത്തേയും അതിന് ചുക്കാൻ പിടിച്ച ആത്മീയതാ കാപട്യങ്ങളേയുമാണ്. ആഗോളീകരണ കാലത്ത് ഇന്ത്യൻ മതേതര മനസ്സിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന ആവർത്തിച്ചുള്ള ഭീതി ആവിഷ്കരിക്കുന്ന മറ്റൊരു കഥയാണ് സംഘിയണ്ണൻ. ഒരു സമൂഹം ഒരു വ്യക്തിയെ ,ഒരു സംവർഗ്ഗത്തെ തങ്ങളിൽ നിന്ന് എത്ര അനായാസമാണ് അപരവൽക്കരണം നടത്തുന്നത് എന്നതിന് ഉദാഹരണമാണ് സാറാ ജോസഫിന്റെ 'നീ' എന്ന കഥ (മാതൃഭൂമി ആഴ്ചപ്പതിപ്പ് നവംബർ 2019). എൻ എഭാകരൻ 'രാമൻ' എന്ന കഥയിൽ പേര് എങ്ങിനെയാണ് വർഗ്ഗീയതയുടെ ആക്രമണ മാനസികാവസ്ഥയെ അവതരിപ്പിക്കുന്നതെന്ന് പറയുന്നുണ്ട്.മത സംവിധാനങ്ങളുടെ സംഹാര മനസ്ഥിതി എങ്ങനെ ചരിത്രത്തിൽ നിന്ന് ഒരു വിഭാഗത്തെ നിരാശ്രിത നാക്കുന്നുവെന്ന് 'നീ' എന്ന കഥ അടയാളപ്പെടുത്തുന്നു.ഇവിടെ കഥാപാത്രത്തിന് ഒരു പേരും പോലും ആവശ്യം വന്നില്ല. അദ്ദേഹത്തിന്റെ സഞ്ചിയിൽ നിന്ന് കിട്ടിയ ചതുരാകൃതിയിലുള്ള ഒരു പച്ച തുണിക്കഷണം എങ്ങനെയാണ് മതവർഗ്ഗീയതയുടെ ചിഹ്നമായി ആരോപിക്കപ്പെടുന്നതെന്നും ആൾക്കൂട്ടത്തിൽ നിന്ന് അവനെ നിഷ്കാസിതനാക്കുന്നതെന്നും വളരെ ചുരുങ്ങിയ വാക്കുകളിൽ സാറാ ജോസഫ് ഈ കഥയിൽ പറഞ്ഞു വയ്ക്കുന്നു.

മുകളിൽ പറഞ്ഞതിനോട് ചേർത്തുവച്ച് വായിക്കാവുന്ന മറ്റൊരു കഥയാണ് സോണിയ റഫീക്കിന്റെ 'ഫുഡ് കോർട്ട്' (ദേശാഭിമാനി 2017). മനുഷ്യബന്ധങ്ങളിൽ സമീപകാലത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന സങ്കീർണ്ണമായ സംഘർഷങ്ങൾ അവതരിപ്പിക്കുന്ന കഥയാണ് ഫുഡ് കോർട്ട്. ഒരാളുടെ രുചി ബോധങ്ങളിലേക്കുള്ള കടന്നുകയറ്റം ഭക്ഷണ സമ്മേളനം

നടക്കുന്ന ഫുഡ് കോർട്ട് എന്ന രൂപകം ഉപയോഗിച്ച് അവതരിപ്പിക്കുന്നു. ശാരികയുടേയും അനന്തന്റെയും മുന്നിൽ നീതിന്യായം നടപ്പിലാക്കുന്ന ഒരു കോടതിയായി ചുറ്റികയേന്തി നിൽക്കുന്ന ഫുഡ് കോർട്ടിലെ സംഭവങ്ങൾ രുചി ബോധങ്ങൾക്കു മേലുള്ള കടന്നുകയറ്റം അയത്നലളിതമായ വതരിപ്പിക്കുന്നു. മെക്സിക്കൻ രസങ്ങൾ ശരികയുടെ ശരീരത്തിന്റെ ഇറക്കങ്ങളിൽ തിരയുന്ന അനന്തന്നെ ൧ രുചി ബോധങ്ങളായി പരുവപ്പെടുന്ന കഥയിൽ കൺസ്യൂമർ സമൂഹത്തിന്റെ ഇരയായി ആണും പെണ്ണും മാറുന്നിടത്ത് ഒരു സമൂഹത്തിനെ യാകെത്തന്നെ ബാധിക്കുന്ന വിപണിവൽക്കരണം അടയാളപ്പെടുത്തുന്നു.

പെണ്ണെഴുത്തിന്റെ മൂന്നാം തരംഗത്തിൽ ഇതര ലൈംഗികരുടെ അസ്തിത്വ പ്രശ്നങ്ങളും ചർച്ച ചെയ്യപ്പെടുന്നുണ്ടെന്നത് പെണ്ണെഴുത്തിന്റെ വിശാല ലോകത്തെയാണ് കാണിക്കുന്നത്.ചന്ദ്രമതിയുടെ മൊട്ടക്കുന്ന് എന്ന കഥ (2020 ജനുവരി വണ്ടർ ലെസ്റ്റ് ) ഒരു ഉദാഹരണം. സമൂഹം ഒറ്റപ്പെടുത്തുന്നവർ നഗരത്തിനും ഗ്രാമത്തിനു മിടയിൽ ഒറ്റപ്പെട്ടു പോകുന്ന പ്രാന്തപ്രദേശമായി വളർച്ച മുരടിച്ച് പോകുന്ന മൊട്ടക്കുന്ന കളായി തീരുന്നതെങ്ങനെയെന്ന് ഈ കഥ രസകരമായി പറഞ്ഞു വയ്ക്കുന്നു.ദേശവും സ്വത്വവു ഇരയാക്കപ്പെടുന്ന നീതിബോധത്തിനു നേരെ വിരൽ ചൂണ്ടുന്ന കഥയായി മൊട്ടക്കുന്ന് മാറുന്നു.

ഭാവനയുടെ ജനാധിപത്യം നിലനിൽക്കുമ്പോഴും ഭിന്നസ്വരങ്ങളും ഭിന്ന സമീപന രീതികളും കൊണ്ട് സമ്പന്നമാണ് മലയാള പെൺകഥാലോകം. പ്രണയം, ലൈംഗികത, കുടുംബം, എന്നീ മേഖലകൾക്കു മേലെ അടിച്ചേൽപ്പിക്കപ്പെട്ട മൂല്യബോധം പൊളിച്ചെഴുത്ത് നടത്തുകയാണ് ഈ കഥകളുടെ ഭാവുകത്വ പരിസരം. ആത്മവിശ്വാസം, നർമ്മം, സങ്കീർണ്ണത തുടങ്ങിയവയെ തങ്ങളുടെ തീമുകൾക്കൊപ്പം ഇഴചേർത്ത് എഴുത്തിന്റെ അതിർവരമ്പുകൾക്ക് മേലെ ഉയരുന്ന .നിർവ്വചനങ്ങൾക്കും സൗന്ദര്യ ശാസ്ത്ര നിയമങ്ങൾക്കും വഴങ്ങാത്ത സ്വഛന്ദ മേഖലകളെ അയത്നലളിതമായി

അവതരിപ്പിക്കുകയാണ് മലയാളത്തിലെ സമകാലിക പെൺകഥകൾ. സത്താപരമായി പ്രതിഷ്ഠിക്കുക എന്നതിനപ്പുറം പറയാനുള്ളത് പറയാനുള്ള സുന്ദര വേദിയായി പെൺ കഥാലോകം മാറുന്നു. അധികാര വ്യവസ്ഥയാൽ നിശ്ശബ്ദമാക്കപ്പെട്ട ഒരു വിഭാഗം അനുഭവങ്ങളുടെ നാനാത്വത്തെ കഥകളിലൂടെ വീണ്ടെടുക്കുകയാണ്. വ്യവസ്ഥാഭദ്രതയ്ക്കുള്ളിൽ നിന്നു കൊണ്ടുള്ള പോരാട്ടങ്ങൾ വ്യവസ്ഥയ്ക്കുള്ളിൽ അധികാരം പങ്കുവയ്ക്കപ്പെടുമ്പോൾ ജീർണ്ണിച്ച അധികാര വ്യവസ്ഥയെ അംഗീകരിക്കപ്പെടുകയാണ് ചെയ്യുന്നത്. എന്നാൽ ഈ അവസ്ഥയിൽ നിന്നും എഴുത്തിന്റെ പെണ്ണകങ്ങൾ അധികാര വ്യവസ്ഥയെ തന്നെ പൊളിച്ചു കൊണ്ട് സ്വാതന്ത്ര്യത്തിന്റെ ആകാശങ്ങൾ തേടാനുള്ള ആത്മവിശ്വാസം മലയാള കഥാരംഗത്ത് നേടിയെടുത്തിരിക്കുന്നു. ഇന്ന് സമകാലിക മലയാള കഥാസാഹിത്യ മേഖലയിൽ വളരെ ആശാവഹമായ കാര്യമാണ്.

---

**അസി പ്രൊഫസർ,മലയാള വിഭാഗം,ഗവ: ബ്രണ്ണൻ കോളേജ്, തലശ്ശേരി**